**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. 1. ശ്രീ. ഉണ്ണികൃഷ്ണൻ s/o പഴണി, വളഞ്ഞുകാട്, കൊടുവായൂർ, എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയതി: 30.01.2024</u>**

മേൽ സൂചന (1) പ്രകാരം ശ്രീ. ഉണ്ണികൃഷ്ണൻ s/o പഴണി, വളഞ്ഞുകാട്, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ നിർമിച്ച കെട്ടിത്തിന് കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ എത്തി ഫയൽ പരിശോധിച്ചു. കൊടുവായൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം മുൻവശം 1.5 മീറ്റർ മാത്രമേ പാലിച്ചിട്ടുള്ളു. റൂൾ 26 ടേബിൾ 4 പ്രകാരം 2 മീറ്റർ ക്ലിയർ ഡിസ്റ്റൻസ് കാണുന്നില്ല, ആവറേജ് നോക്കുകയാണെങ്കിൽ 1.80 മീ മിനിമം വേണ്ടതാണ്. കെ.പി.ബി.ആർ 2019 റൂൾ 26 പട്ടിക 4 പാലിക്കുന്നില്ല . അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ. ഉണ്ണികൃഷ്ണൻ s/o പഴണി, വളഞ്ഞുകാട്, കൊടുവായൂർ.